ഭരണഭാഷ – മാതൃഭാഷ

**No.TRY/3702/2026-F4**

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
**04-08-2026**

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ സബ് /ജില്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-ട്രഷറി സേവിങ്സ് ബാങ്ക്-പുതുക്കിയ മാതൃകയിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നത്– സംബന്ധിച്ച്.

സൂചന: സ.ഉ.(സാധാ) നമ്പർ **317/18**/ധന തീയതി **12/01/2018**

വിഷയത്തിലേക്കും സൂചനയിലേക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ നിർദ്ദേശ പ്രകാരം പുതിയ മാതൃകയിലുള്ള സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിലേക്കായി തയ്യാറാക്കുകയും എല്ലാ ജില്ലാ ട്രഷറികളിലും ആയതിന്റെ സ്റ്റോക്ക് ലഭ്യമാക്കിയിട്ടുള്ളതുമാണ്.അതോടൊപ്പം **CoreTSB** ആപ്ലിക്കേഷനിൽ ഇതുമായി ബന്ധപ്പെട്ട മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. **05/08/2026** മുതൽ പുതിയ മാതൃകയിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഇടപാടുകാർക്ക് ലഭ്യമാക്കേണ്ടതുള്ളതിനാൽ എല്ലാ ട്രഷറികളും ഇത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

1. പുതുക്കിയ മാതൃകയിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ സ്റ്റോക്ക് ആവശ്യാനുസരണം എല്ലാ ജില്ലാ/സബ് ട്രഷറികൾക്കും ലഭ്യമായിട്ടുണ്ടെന്ന് ജില്ലാ ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
2. **05/08/2026** മുതൽ പുതിയ മാതൃകയിലുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ എല്ലാ ട്രഷറി ഓഫീസർമാരും സ്വീകരിക്കേണ്ടതും നിക്ഷേപകർക്ക്

സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുവാൻ കാലതാമസമുണ്ടാകുന്നില്ല എന്ന് എല്ലാ ട്രഷറി ഓഫീസർമാരും എസ്.ബി പാസിംഗ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതുമാണ്.

3. നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളിൽ അവശേഷിക്കുന്നവയുടെ എണ്ണവും സീരിയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അവ **04/08/2026**-നുശേഷം ഉപയോഗത്തിന് ലഭ്യമാകാത്ത രീതിയിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതും ജില്ലാ/സബ് ട്രഷറികളിലെ പരിശോധന വേളയിൽ യഥാക്രമം ഡെപ്യൂട്ടി ഡയറക്ടർ/ജില്ലാ ട്രഷറി ഓഫീസർമാർ സ്റ്റോക്ക് പരിശോധിച്ച് കേരള ട്രഷറി കോഡ് വാല്യം **II**, അനുബന്ധം **3**, ചട്ടം **62(A)** പ്രകാരം നശിപ്പിക്കേണ്ടതുമാണ്.
4. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് സ്റ്റോക്ക് രജിസ്റ്റർ കൃത്യത ഉറപ്പുവരുത്തി സൂക്ഷിക്കുവാൻ എസ്.ബി പാസിംഗ് ഓഫീസർമാർ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതും എല്ലാ മാസത്തെയും അവസാന പ്രവർത്തി ദിവസം ട്രഷറി ഓഫീസർമാർ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് രേഖപ്പെടുത്തലുകൾ ഉറപ്പ് വരുത്തേണ്ടതുമാണ്.
5. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റിൽ നിക്ഷേപ വിവരങ്ങൾ കൃത്യതയോടും പൂർണ്ണമായും പ്രിന്റ് ചെയ്ത് നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വ്യക്തമായ പ്രിന്റ് ലഭിക്കുന്നതിനായി ഗുണമേന്മയുള്ള പ്രിന്റർ കാർട്ടിഡ്ജ് ഉപയോഗിക്കേണ്ടതും പ്രിന്റിങ് നിലവാരം കുറയുമ്പോൾ തന്നെ റിബൺ മാറ്റാൻ ശ്രദ്ധിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 04-08-2026
13:10:09

**V SAJAN**
**DIRECTOR**

പകർപ്പ് :-

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

Directorate of Treasuries, Pattom, Pattom Palace.P.O, Thiruvananthapuram, Kerala 695004
www.treasury.kerala.gov.in, Email:treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229